**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **19.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 4808**

## മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പോകുന്ന വള്ളങ്ങളിലെ എഞ്ചിനിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ വിഴിഞ്ഞം മത്സ്യഫെഡ് മണ്ണെണ്ണ ബങ്കിൽ നിന്നും ആവശ്യത്തിന് നല്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ യും ബി യും) | വിഴിഞ്ഞം മത്സ്യഫെഡ് മണ്ണെണ്ണ ബങ്കിൽ നിന്നും അർഹതപ്പെട്ട പെർമിറ്റ് ഉടമകൾക്ക് നിശ്ചിത അളവിൽ മണ്ണെണ്ണ നൽകി വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | | |
| (സി) | ഇവർക്ക് അർഹതപ്പെട്ട മണ്ണെണ്ണ സബ്സിഡി തുക, അതതുമാസം ലഭിയ്ക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാസമയം സബ്സിഡി തുക ലഭിയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | (സി) | മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട മണ്ണെണ്ണ സബ്സിഡി തുക 2017 മാർച്ച് മാസം വരെയുള്ളത് പെർമിറ്റ് ഉടമകളുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ മാസത്തെ സബ്സിഡി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. |
| (ഡി) | ഇവർക്ക് നല്കുന്ന മണ്ണെണ്ണയുടെ അളവ് കുറവായതിനാൽ, മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | മത്സ്യത്തൊഴിലാളികൾക്ക് താഴെ പറയും പ്രകാരം നിലവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നുണ്ട്. എഞ്ചിന്റെ കുതിരശക്തി അനുവദിച്ചാണ് ഓരോരുത്തർക്കും അളവ് നിശ്ചയിക്കുന്നത്. |

| **എഞ്ചിന്റെ HP** | **മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ്** | **സിവിൽ സപ്ലൈസ് വഴി നൽകുന്ന മണ്ണെണ്ണയുടെ അളവ്** | |
|---|---|---|---|
| | | പി.ഡി.എസ് വഴി | ഓപ്പൺ മാർക്കറ്റ് വഴി |
| 10 HP എഞ്ചിൻ വരെ പ്രതി മാസം | 140 ലിറ്റർ | 129 ലിറ്റർ | 231 ലിറ്റർ |

| | | | | | | |
|---|---|---|---|---|---|---|
| | | | 10 HP മുതൽ 15 HP വരെ പ്രതി മാസം | 150 ലിറ്റർ | 136 ലിറ്റർ | 464 ലിറ്റർ |
| | | | 15 HP മുതൽ 40 HP വരെ പ്രതി മാസം | 190 ലിറ്റർ | 180 ലിറ്റർ | 630 ലിറ്റർ |
| | | | മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. | | | |

സെക്ഷൻ ഓഫീസർ